**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 266** **15-02-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര സംരംഭങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമീണ ടൂറിസം, സുസ്ഥിര വിനോദസഞ്ചാരം, ഗ്രാമീണ ഹോംസ്റ്റേകൾ എന്നിവ വികസിപ്പിക്കുന്നതിനായി പ്രത്യേക മിഷൻ രൂപവത്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഗ്രാമീണ ടൂറിസം, സുസ്ഥിര വിനോദസഞ്ചാരം, ഗ്രാമീണ ഹോംസ്റ്റേകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പിലാക്കി വരുന്നത് ഉത്തരവാദിത്ത ടൂറിസം മിഷൻ ആണ് . കേരളത്തിലെ ടൂറിസം രംഗത്തിനാകെ മാതൃകയായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സ്വാതന്ത്ര്യവും, വിപുലവുമാക്കുന്നതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനെ ഒരു സ്വതന്ത്ര ഏജൻസിയായി 13-01-2023 തീയതിയിലെ സ.ഉ (കൈ) നം .02/2023/ടൂറിസം ആയി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുകയുണ്ടായി . ടി മിഷന്റെ പ്രവർത്തനങ്ങളുടെ വിവരങ്ങൾ **അനുബന്ധം** ആയി ചേർത്തിരിക്കുന്നു . |
| (ബി) | വിനോദസഞ്ചാര സംരംഭങ്ങൾ വനിതാ സൗഹൃദമായി വികസിപ്പിക്കുന്നതിന് പ്രത്യേക ആസൂത്രണ പദ്ധതികൾ പ്രസ്തുത മിഷൻ നടപ്പിൽ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷൻ 2022-23 സാമ്പത്തിക വർഷം ആരംഭിച്ച് തുടർന്ന് വരുന്ന പദ്ധതിയാണ് സ്ത്രീ സൗഹാർദ്ദ ടൂറിസം പ്രവർത്തനങ്ങൾ. 'Gender Inclusive Tourism' എന്ന UNWTO (United Nation World Tourism Organization) - യുടെ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം രംഗത്തെ സ്ത്രീ സാന്നിദ്ധ്യം വർദ്ധിപ്പിച്ച് , ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അതിനുള്ള അടിസ്ഥാന പഠനങ്ങൾ, പരിശീലനങ്ങൾ എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സംഘടനയായ UN Women- ന്റെ ഇന്ത്യയിലെ സംഘടനാ സംവിധാനവുമായി ചേർന്നാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ആദ്യ ഘട്ടത്തിൽ നടപ്പിലാക്കേണ്ട സേഫ്റ്റി ഗ്യാപ് അസ്സസ്മെന്റ് സ്റ്റഡി പൂർത്തിയാക്കിയിട്ടുണ്ട്. 6 പ്രദേശങ്ങളിലെ ജെന്റർ ഓഡിറ്റ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. 14 |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തനങ്ങൾ ആരംഭിച്ചു. പുതുതായി 3688 പേർ സ്ത്രീ സൗഹൃദ ടൂറിസം നെറ്റ് വർക്കിന്റെ ഭാഗമായി. |
| (സി) | കരകൗശല വസ്തുക്കൾ, സുവനീറുകൾ, പ്രാദേശിക ഉല്പന്നങ്ങൾ എന്നിവയുടെ വിൽപ്പനക്കായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം നിലവിലുണ്ടോ; വിശദാംശം നൽകാമോ? | (സി) | കരകൗശല വസ്തുക്കൾ, സുവനീറുകൾ, പ്രാദേശിക ഉല്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ഉത്തരവാദിത്ത ടൂറിസം മിഷന്റെ വെബ്സൈറ്റിൽ നിലവിലുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റായിട്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം ഒരുക്കി നൽകുകയാണ് ഇതു വഴി ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തിട്ടുള്ളത് . കരകൗശല ഉൽപ്പന്നങ്ങൾ, സുവനീറുകൾ നിർമ്മിക്കുന്നവർക്കും നിലവിൽ ഈ പ്ലാറ്റ്ഫോം ഉപയോഗിക്കാവുന്നതാണ് . ടി പ്ലാറ്റ്ഫോം മുഖേന ഉൽപ്പന്ന നിർമ്മാതാക്കൾക്ക് നേരിട്ട് ഓർഡർ ലഭ്യമാകുകയാണ് ചെയ്യുന്നത് . ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ ഒരു ഫെസിലിറ്റേറ്റർ റോളിൽ ആണ് പ്രവർത്തിക്കുന്നത് . കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് സ്മരണികയായി ശേഖരിക്കുവാനും വാങ്ങുവാനും കൊണ്ടുപോകുവാനും കഴിയുന്ന തരത്തിൽ കേരളത്തിന്റെ തനത് സുവനീറുകൾ ലഭ്യമാക്കുന്നതിനുവേണ്ടി ഉത്തരവാദിത്ത ടൂറിസം മിഷൻ ഈ വർഷം കേരള സുവനീർ നെറ്റ്വർക്ക് എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ**

ഉത്തരവാദിത്ത ടൂറിസമെന്ന ആശയത്തിന്റെ അടിസ്ഥാന തത്വങ്ങളായ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ഉത്തരവാദിത്തങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലെ ടൂറിസം മേഖലയിൽ പ്രാദേശിക ജനപങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളാണ് ടൂറിസം വകുപ്പിന്റെ ഭാഗമായ ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തു വരുന്നത്. 2017- ൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം മിഷൻ ഇതിനോടകം തന്നെ ലോക ശ്രദ്ധ ആകർഷിയ്ക്കുന്ന വിധത്തിൽ വളർച്ച പ്രാപിച്ചിരിയ്ക്കുന്നു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം / അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/ പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും നടത്തുന്നതിനുള്ള നോഡൽ ഏജൻസി ആയിട്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. അതിനനുസൃതമായ പ്രവർത്തനങ്ങൾ മിഷൻ നടത്തി വരുന്നു.

ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ഉത്തരവാദിത്തങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവിധ എക്സ്പീരിയൻസ് ടൂറിസം പാക്കേജുകളുടെ നടത്തിപ്പ് വഴി വിനോദ സഞ്ചാരികൾക്ക് കേരളത്തിന്റെ വില്ലേജ് ലൈഫ്

കൾച്ചർ, ഉത്സവങ്ങളും ആഘോഷങ്ങളും എന്നിങ്ങനെ എല്ലാ വിധത്തിലും കേരളത്തെ അടുത്തറിയുവാനുള്ള അവസരം ഒരുക്കി നൽകുകയും ചെയ്യുന്നു. ഇതുവഴി ജനങ്ങൾക്ക് ടൂറിസത്തിലൂടെ വരുമാനവും ലഭ്യമാകുന്നുണ്ട്.

ടൂറിസം രംഗത്തെ പങ്കാളിത്ത ടൂറിസം വികസനത്തിനും സ്ത്രീ സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾക്കും പുതിയ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് കേരള ടൂറിസത്തിന്റെ മുഖ മുദ്രയായി മാറിയിരിക്കുന്നു ഉത്തരവാദിത്ത ടൂറിസം മിഷൻ.

ഉത്തരവാദിത്ത ടൂറിസം മിഷൻ 2022-23 സാമ്പത്തിക വർഷം ആരംഭിച്ച് തുടർന്നു വരുന്ന പദ്ധതിയാണ് സ്ത്രീ സൗഹാർദ്ദ ടൂറിസം പ്രവർത്തനങ്ങൾ. 'Inclusive Tourism' എന്ന UNWTO യുടെ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം രംഗത്തെ സ്ത്രീ സാന്നിധ്യം വർദ്ധിപ്പിച്ച്, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യം വച്ച് ആരംഭിച്ച ഈ പദ്ധതി ഇതിനോടകം തന്നെ അന്തരാഷ്ട്ര ടൂറിസം രംഗത്ത് ശ്രദ്ധിയ്ക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ടൂറിസം രംഗം പൂർണ്ണമായും സ്ത്രീ സൗഹൃദമാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതിനായുള്ള അടിസ്ഥാന പഠനങ്ങൾ, പരിശീലനങ്ങൾ എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു.

കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് സ്മരണികയായി ശേഖരിക്കുവാനും വാങ്ങുവാനും കൊണ്ടുപോകുവാനും കഴിയുന്ന തരത്തിൽ കേരളത്തിന്റെ തനത് സുവനീറുകൾ ലഭ്യമാക്കുന്നതിനുവേണ്ടി ഉത്തരവാദിത്ത ടൂറിസം മിഷൻ ഈ വർഷം തുടക്കം കുറിച്ചിരിക്കുന്ന പദ്ധതിയാണ് കേരള സുവനീർ നെറ്റ്വർക്ക് പദ്ധതി.

കേരളത്തിന്റെ തനത് ഭക്ഷണ വിഭവങ്ങൾ പ്രാദേശിക വീട്ടുകളിൽ ലഭ്യമാക്കുക വഴി വീട്ടമ്മമാർക്ക് ഒരു വരുമാന മാർഗ്ഗം എന്ന ആശയത്തിലൂന്നി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച എക്സ്പീരിയൻസ് എതിക് ക്യുസീൻ നെറ്റ്വർക്ക് പദ്ധതി, കർഷകർക്ക് ടൂറിസത്തിലൂടെ അധിക വരുമാനം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കേരള അഗ്രി ടൂറിസം നെറ്റ്വർക്ക് എന്നീ തുടർ പദ്ധതികളും ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നല്ലരീതിയിൽ പുരോഗമിക്കുന്നു.

കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോമിൽ 104 യൂണിറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ച് വരുന്നു. ഇൻസ്പെക്ഷൻ പൂർത്തിയാകുന്ന മുറക്ക് ഓൺലൈൻ പ്ലാറ്റ് ഫോമിൽ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്ന പ്രവർത്തനം നടന്നു വരുന്നു. ലഭ്യമായ കണക്കുകൾ അനുസരിച്ച് 6,03,900 ആളുകൾ വിവിധ ഫാം യൂണിറ്റുകളിൽ സന്ദർശനം നടത്തിയിരിക്കുന്നു.

വിവിധ പങ്കാളിത്ത ടൂറിസം വികസന പദ്ധതികളായ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ, സ്ട്രീറ്റ് എന്നീ പദ്ധതികളുടെ തുടർച്ചയായി ശ്രദ്ധേയമായ വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിലും മേൽനോട്ടത്തിലും തദ്ദേശ സ്വയം ഭരണ സ്ഥപനങ്ങളുമായി സഹകരിച്ചു നടപ്പിലാക്കി വരുന്നു.

പങ്കാളിത്ത ടൂറിസം വികസനം പ്രക്രിയയിലൂടെ 4 വർഷക്കാലം കൊണ്ട് ഘട്ടം ഘട്ടമായി ബേപ്പൂരിനെ അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതി. പദ്ധതിയുടെ ഭാഗമായി 300 ലധികം പേർക്ക് തൊഴിൽ പരിശീലനങ്ങൾ നൽകി. വിവിധ പാക്കേജുകൾ തയ്യാറാക്കി. ടൂറിസ്റ്റുകളെ എത്തിക്കുന്നതിനായി പ്രചാരണ വീഡിയോകൾ ഇംഗ്ലിഷ് , ഹിന്ദി, മലയാളം ഭാഷകളിൽ തയാറാക്കി റിലീസ് ചെയ്തു. ഇ ബുക്ക് പുറത്തിറക്കി . കേരളത്തിലെ ആദ്യത്തെ ആർ ടി ക്ലബ് ബേപ്പൂരിൽ രൂപീകരിച്ചു. ആർ.ടി. മിഷൻ യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി ഓൺലൈൻ ആയും, വിവിധ പ്രദർശന മേളകൾ, ഹോട്ടൽ/റിസോർട്ടുകളിൽ പ്രദർശന വിപണന കൗണ്ടറുകൾ ഏർപ്പെടുത്തിക്കൊണ്ടും സൗകര്യമൊരുക്കി നൽകുന്നു.

പദ്ധതിയുടെ ഭാഗമായി 2023 ഡിസംബർ 26 മുതൽ 30 വരെ ബേപ്പൂർ ആർ ടി ആൻഡ് ടെക്സ്റ്റൈൽ ആർട്ട്ഫെസ്റ്റ് സംഘടിപ്പിച്ചു ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നെയ്ത്ത് കലകളിലെ കലാകാരന്മാരുടെ ലൈവ് പ്രവർത്തനങ്ങളും, പാവനാടകം, മൺപാത്രനിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ ലൈവ് വർഷോപ്പുകളും ഈ ഫെസ്റ്റിന്റെ ഭാഗമായി നടത്തുകയുണ്ടായി. അഞ്ചുദിവസങ്ങളിലായി രണ്ട് ലക്ഷത്തിലധികം ആളുകൾ പ്രസ്തുത ഫെസ്റ്റിൽ വരുകയും ഏകദേശം 53 കലാകാരന്മാർക്ക് ഈ ഫെസ്റ്റിനോട് അനുബന്ധിച്ച് ഉൽപ്പന്ന വിപണനം നടത്തിയ വരുമാനമായി 10,80,000 രൂപ ലഭിക്കുകയുമുണ്ടായി.

Apsars

**സെക്ഷൻ ഓഫീസർ**